

TUESDAY 23-08-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Suraj S** **Editor : Dr Saritha Vijayan K**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-23/08/2022.

1. ക്ഷീരവികസന വകുപ്പിന്റെ ക്ഷീരശ്രീ പോർട്ടൽ മുഖേനയുള്ള കർഷക രജിസ്ട്രേഷന്റെ അവസാന തീയതി ഈ മാസം 25-വരെ (ആഗസ്റ്റ് 25) നീട്ടിയതായി വകുപ്പ് ഡയറക്ടർ അറിയിച്ചു. ക്ഷീരകർഷകർക്ക് സമീപത്തുള്ള അക്ഷയകേന്ദ്രങ്ങൾ മുഖേനയും ക്ഷീര സഹകരണ സംഘങ്ങൾ മുഖേനയും ക്ഷീര വികസന ഓഫീസുകൾ മുഖേനയും സ്വന്തം മൊബൈൽ ഫോണിലൂടെയും ഇന്റർനെറ്റ് ഉപയോഗിച്ച് ksheerasree.kerala.gov.in എന്ന പോർട്ടൽ സന്ദർശിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കും. രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിന് ക്ഷീര കർഷകർ അവരുടെ ഫോട്ടോ, ബാങ്ക് പാസ്ബുക്ക് പകർപ്പ് എന്നിവയും ആധാർ നമ്പർ, റേഷൻ കാർഡ് നമ്പർ എന്നിവ നൽകുകയും വേണം. കൂടുതൽ വിവരങ്ങൾക്ക് പോർട്ടലിൽ തന്നെ ലഭ്യമായ ഹെൽപ് ഡെസ്ക് നമ്പറുകളിലും അടുത്തുള്ള അക്ഷയ കേന്ദ്രങ്ങളിലും ക്ഷീരസഹകരണ സംഘങ്ങളിലും ക്ഷീരവികസന ഓഫീസുകളിലും ബന്ധപ്പെടാവുന്നതാണ്.

2. കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്കിനു കീഴിൽ പ്രവർത്തിക്കുന്നതും കർഷകർക്ക് വിവിധങ്ങളായ കൃഷിപ്പണികൾ ചെയ്തു നൽകുന്നതുമായ അഗ്രോസർവ്വീസ് സെന്ററിലേക്ക് കൃഷിപ്പണികൾ അറിയുന്ന 18-നും 50-നും ഇടയിൽ പ്രായമുള്ള യുവതീ യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ട്രാക്ടർ പ്രവർത്തിപ്പിക്കാൻ അറിയുന്നവർക്ക് മുൻഗണന ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495476141** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. കോട്ടയം മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിലും ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പിട കോഴിക്കുഞ്ഞുങ്ങളെ ഇരുപത്തിരണ്ടു (22/-) രൂപ നിരക്കിലും പൂവൻ കുഞ്ഞുങ്ങളെ പത്തു (10/-) രൂപ നിരക്കിലും വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി **0481-2373710, 8301897710** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പിന്റെ സംസ്ഥാനതല പരിശീലന സ്ഥാപനമായ ചടയമംഗലം നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിൽ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

യൂണിവേഴ്സിറ്റിയുടെ 2022 വർഷത്തേക്കുള്ള **വാട്ടർഷെഡ് മാനേജ്മെന്റി**ലുള്ള ഒരു വർഷ ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. പ്ലസ്ടു / തത്തുല്യയോഗ്യത അല്ലെങ്കിൽ ബി.പി.പി.ആണ് യോഗ്യത. 10600 രൂപയാണ് കോഴ്സിന്റെ ഫീസ്. അപേക്ഷകൾ ഈ മാസം 31-ന് (ആഗസ്റ്റ് 31) മുമ്പായി http://www.ignou.ac.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം മണ്ണു പര്യവേക്ഷണ മണ്ണു സംരക്ഷണ ഡയറക്ടറേറ്റിലെ **0471 2339899** എന്ന ഫോൺ നമ്പരിലോ, സംസ്ഥാന നീർത്തട വികസന പരിപാലന വികസന പരിശീലന കേന്ദ്രത്തിലെ **9446446632, 9567305895** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

5. തിരുവനന്തപുരം കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള പൂവൻ കോഴിക്കുഞ്ഞുങ്ങൾ കുഞ്ഞൊന്നിന് പത്ത് രൂപ നിരക്കിൽ യഥേഷ്ടം വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണി വരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. കാർഷിക സർവ്വകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റിൽ **ഹൈഡ്രോപോണിക്സ്** കൃഷിരീതിയിൽ സെപ്റ്റംബർ 22 മുതൽ 24 വരെയുള്ള തീയതികളിൽ 3 ദിവസത്തെ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ളവർ **0487 2960079, 9961533547, 9037033547** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 25, 26 (ആഗസ്റ്റ് 25,26) തീയതികളിൽ നടത്താനിരുന്ന **മുട്ടക്കോഴി വളർത്തൽ** പരിശീലനം മാറ്റി വച്ചതായി പരിശീലന കേന്ദ്രം പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ അറിയിച്ചു.

8. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് ഈ മാസം 24-ന് (ആഗസ്റ്റ് 24) രാവിലെ 10 മണി മുതൽ 4 മണി വരെ **പോത്ത് വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491–2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 24-ന് (ആഗസ്റ്റ് 24) **മഴക്കാല പച്ചക്കറികൃഷി** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 – 2966041** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

10. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- നെല്ലിന്റെ എല്ലാ വളർച്ചാ ഘട്ടങ്ങളിലും കാണുന്ന ഒരു കീടമാണ് **തണ്ടു തുരപ്പൻ**. കതിര് വന്നതിനു ശേഷം ഇവയുടെ ആക്രമണം ഉണ്ടാകുകയാണെങ്കിൽ നെന്മണികൾ പതിരാവുകയും വെൺകതിർ എന്ന ലക്ഷണം പ്രകടമാവുകയും ചെയ്യും. ഇവയെ നിയന്ത്രിക്കുന്നതിനായി മത്തി ശർക്കര മിശ്രിതം 15 – 30 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക, വിളക്ക് കെണികൾ സ്ഥാപിക്കുക, ട്രൈക്കോ ഗ്രാമ്മ ജാപോണിക്കം എന്ന മുട്ട കാർഡുകൾ ഉപയോഗിക്കുക. അടുത്ത വിള ഇറക്കുമ്പോൾ ഇവയുടെ ആക്രമണതോത് കുറയ്ക്കാൻ നന്നായി താഴ്ത്തി കൊയ്യുന്നതും അവശിഷ്ടങ്ങൾ കത്തിച്ചു കളയുന്നതും തÿു തുരപ്പന്റെ പുഴുക്കളേയും സമാധി ദശയെയും നശിപ്പിക്കുന്നത്തിനു സഹായിക്കും
- വാഴയുടെ തളിരിലകളിൽ കൂട്ടം കൂടിയിരുന്നു ഇല കരണ്ടു തിന്നുന്ന ഇലതീനി പുഴുക്കൾ വ്യാപകമായി കണ്ടു വരുന്നു. ഇവയെ നിയന്ത്രിക്കുന്നതിനായി പുഴുക്കൂട്ടങ്ങളെ കാണുമ്പോൾ തന്നെ നശിപ്പിക്കുക, ബ്യുവേറിയ ബാസിയാന 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക. ആക്രമണം രൂക്ഷമായാൽ ഫ്ളുബെൻണ്ടിയാമൈഡ് 39.35 SC 2 മില്ലി 10 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ ക്ലോറാൻട്രിനിലിപ്രോൾ 18.5 SC 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇവയിലേതെങ്കിലും തളിക്കാവുന്നതാണ് .
- കൂടതൽ കാർഷിക കാലാവസ്ഥാനുബന്ധ വിവരങ്ങൾക്ക് **9446093329, 9778764946** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക;